പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3264      11.05.2017 ലെ മറുപടിക്ക്

## കയർഫെഡിന്റെ ഉടമസ്ഥതയിൽ ഇടക്കൊച്ചി നോർത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകൾ

ചോദ്യം
ശ്രീ.ജോൺ ഫെർണാണ്ടസ്

ഉത്തരം
ഡോ. ടി.എം.തോമസ്സ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കയർഫെഡിന്റെ ഉടമസ്ഥതയിൽ പള്ളുരുത്തി -ഇടക്കൊച്ചി നോർത്ത് ഭാഗത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; | എ)കയർഫെഡിന്റെ ഉടമസ്ഥതയിൽ പ ള്ളുരുത്തി-ഇടക്കൊച്ചി നോർത്ത് ഭാഗത്ത് പഷ്ണിത്തോടിന് സമീപമുള്ള ഗോഡൗണുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. |
| ബി)ഗോഡൗൺ കെട്ടിടങ്ങൾ കാലപ്പഴക്കത്താൽ ജീർണ്ണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ഗോഡൗണുകൾക്ക് സ്വാഭാവികമായ അറ്റകുറ്റപ്പണികൾ മാത്രമേ ആവശ്യമുള്ളൂ. ആയതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ കേന്ദ്ര സർക്കാർ സ്ഥാപനമായ എഫ്.ആർ.ബി.എൽ-ന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. |
| സി) പ്രസ്തുത കെട്ടിടങ്ങൾ തുടർന്ന് ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വിശദമാക്കാമോ? | സി)ചകിരി, പിത്ത് എന്നിവയുടെ ഉൽപ്പാദനത്തിന്റെയും സംഭരണത്തിന്റെയും കേന്ദ്രമായി പ്രസ്തുത കെട്ടിടം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ